**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 795** **10-06-2021 - ൽ മറുപടിയ്ക്ക്**

**കുട്ടനാട്ടിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് കുട്ടനാട്ടിൽ നടപ്പാക്കി വരുന്ന വിവിധ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണ പുരോഗതി വെളിപ്പെടുത്താമോ; | (എ) | പൊതുമരാമത്ത് വകുപ്പ് കെ എസ് ടി പി വിഭാഗത്തിനു കീഴിൽ ആലപ്പുഴ - ചങ്ങനാശ്ശേരി, വിയപുരം - എടത്വാ എന്നീ റോഡ് നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നത്. ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് നിർമ്മാണത്തിന്റെ ആദ്യ ഘട്ടം പുരോഗമിക്കുകയാണ്. 27.10.2020 നു 649.76കോടി രൂപയ്ക്ക് കരാർ ഒപ്പ വച്ച് പ്രവൃത്തി 31.12.2020 നു ആരംഭിച്ചു. വിയപുരം - എടത്വാ റോഡ് നിർമ്മാണ പ്രവൃത്തി 03.03.2021 നു 108.88 കോടി രൂപയ്ക്ക് കരാർ ഒപ്പ വച്ച് പ്രാരംഭ നടപടികൾ നടന്നു വരുന്നു. നിരത്ത്, പാലം വിഭാഗങ്ങളുടെയും കിഫ്ബിയുടെ കീഴിലുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ചത്, ടെക്നിക്കൽ അനുമതി ലഭിച്ചത്, ടെണ്ടർ നടപടികൾ പൂർത്തീകരിച്ചത് നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ നിൽക്കുന്നത് തുടങ്ങിയ കുട്ടനാട്ടിലെ വർക്കുകളുടെ നിലവിലെ സ്ഥിതി ഓരോ വർക്കും ഇനം തിരിച്ച് വ്യക്തമാക്കുമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് കെ എസ് ടി പി വിഭാഗത്തിനു കീഴിൽ ആലപ്പുഴ - ചങ്ങനാശ്ശേരി, വിയപുരം - എടത്വാ എന്നീ റോഡ് നിർമ്മാണ പ്രവൃത്തികളാണ് നടന്നു വരുന്നത്. ആലപ്പുഴ - ചങ്ങനാശ്ശേരി റോഡ് നിർമ്മാണത്തിന്റെ ആദ്യ ഘട്ടം പുരോഗമിക്കുകയാണ്. 27.10.2020 നു 649.76കോടി രൂപയ്ക്ക് കരാർ ഒപ്പ വച്ച് പ്രവൃത്തി 31.12.2020 നു ആരംഭിച്ചു. വിയപുരം - എടത്വാ റോഡ് നിർമ്മാണ പ്രവൃത്തി 03.03.2021 നു 108.88 കോടി രൂപയ്ക്ക് കരാർ ഒപ്പ വച്ച് പ്രാരംഭ നടപടികൾ നടന്നു വരുന്നു. നിരത്ത്, പാലം വിഭാഗങ്ങളുടെയും കിഫ്ബിയുടെ കീഴിലുള്ള പ്രവൃത്തികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (സി) | കുട്ടനാട്ടിന്റെ ഭൂമി ശാസ്ത്രപരമായ പരാധീനതകൾ കണക്കിലെടുത്ത് ഇവിടെ അനുവദിക്കുന്ന വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദീകരിക്കാമോ? | (സി) | കുട്ടനാട്ടിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ പരിഗണിച്ച് മണ്ണ് പരിശോധനയ്ക്ക് ശേഷമാണ് പാലങ്ങളുടെ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കുന്നത്. അപ്രോച്ച് റോഡ് കയർ ഭൂവസ്ത്രം ഉപയോഗിച്ചാണ് നിർമ്മിച്ചു വരുന്നത്. അപ്രോച്ച് റോഡ് താഴ്ന്ന് പോകുന്ന സ്ഥിതി വിശേഷം |

| | | | |
|---|---|---|---|
| | | | ഒഴിവാക്കുന്നതിനു എംബാങ്ക്മെന്റ് ഫില്ലിംഗ് നടത്തി റോഡ് നിർമ്മിക്കുന്നതിനു പകരം ലാന്റ് സ്പാനുകൾ നൽകുന്നതിൽ ശ്രദ്ധിക്കാറുണ്ട്. കൃത്യമായ ഇടവേളകളിൽ അലവോകന യോഗങ്ങളും മന്ത്രി തലത്തിലും ഉദ്യോഗസ്ഥ തലത്തിലും അപഗ്രഥന യോഗങ്ങളും നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

നിരത്തുകൾ

# എ&ബി I കുട്ടനാട് നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികളുടെ നിർമ്മാണ പുരോഗതി

## 1. ബഡ്ജറ്റ് പ്രവൃത്തികൾ

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഭരണാനുമതി | ഭരണാനുമതി തുക (കോടി) | എഗ്രിമെന്റ് നം | കരാറുകാരന്റെ പേര് | പൂർത്തീകരണ കാലാവധി | തത്സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | പടിപ്പുരയ്ക്കൽ ക്ഷേത്രം കണ്ടങ്കരി പ്പള്ളി – തായങ്കരി – എടത്വാ റോഡ് ചെ. 3/840 മുതൽ 4/600 വരെയുള്ള റോഡിന്റെ നിർമ്മാണം | GO(Rt)No. 478/2013/ PWD dtd. 30.03.2013 | 2.50 കോടി | 03/SESC/2015-16 dated 09-04-15 | എ.സി. കോശി | സൈറ്റ് ഹാൻഡ് ഓവർ 09.04.2015<br>പൂർത്തീകരണ കാലാവധി – 09-02-2016<br>കേസ് നിലനിന്നിരുന്നതിനാൽ പല തവണ കാലാവധി നീട്ടി നൽകി<br>ആദ്യ എക്സ്റ്റൻഷൻ 31-10-2019<br>രണ്ടാം എക്സ്റ്റൻഷൻ - 31-03-2020 | 70% ശതമാനത്തോളം പണികൾ പൂർത്തീകരിച്ചപ്പോൾ ബഹു. ഹൈക്കോടതിയുടെ ഉത്തരവ് നം WA 1091/2019 തീയതി 29/5/2019 പ്രകാരം പണികൾ നിർത്തി വെച്ചിരുന്നു 27-01-2020 ഇൽ സ്റ്റെ വെക്കേറ്റ് ചെയ്തതിനെ തുടർന്ന് 20-02-2020 മുതൽ നിർമ്മാണം പുനർ |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | മൂന്നാം എക്സ്റ്റൻഷൻ 31.07.2021 വരെ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചു. | ആരംഭിച്ചിട്ടുണ്ട് രണ്ടാം കലുങ്കിന്റെ നിർമ്മാണം പൂർത്തീകരിച്ചു. അപ്രോച്ച് റോഡ് നിർമാണം നടന്നു വരുന്നു |

| ക്രമനം | പ്രവൃത്തിയുടെ പേര് | തുക (കോടി) | ഭരണാനുമതി | എഗ്രിമെന്റ് നം | കരാറുകാരന്റെ പേര് | പൂർത്തീകരണ കാലാവധി | തത്സ്ഥിതി |
|---|---|---|---|---|---|---|---|
| 2 | കണ്ടങ്കരി-നെടുമുടി-ഉമ്പുകാട്ട് വരമ്പിനകം -വെള്ളാമത്തറ-വേണാട്ടുകടവ് - കായൽപ്പുറം - കണ്ണാടി റോഡ് ചെ: 5/400 മുതൽ 9/580 വരെ നിർമ്മാണം | 25.00 | GO(Rt)No. 1021/2015/ PWD dtd. 16-07-2015 | 288/SESC /2018-19 dtd. 7.3.2019 | കാവുങ്കൽ റോഡ് ബിൽഡേഴ്സ് | സൈറ്റ് ഹാൻഡ് ഓവർ -07-03-2019<br>പൂർത്തീകരണ കാലാവധി- 06-09-2020<br>31-05-2021 വരെ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചു | അലൈൻമെന്റിൽ തർക്കം നിലനിൽക്കുന്നതിനാൽ പ്രവർത്തി ആരംഭിക്കുവാൻ കാലതാമസം ഉണ്ടായി ഇപ്പോൾതർക്ക പരിഹാരം ആയതിനുശേഷം റോഡ്ഫോർമേഷൻ പുരോഗമിക്കുന്നു. ... മീറ്റർ ദൂരം റോഡ് ഫോർമേഷൻ ചെയ്തു. |

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക (കോടി) | ഭരണാനുമതി | സാങ്കേതികാനുമതി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നം | പൂർത്തീകരണ കാലാവധി | തത്സ്ഥിതി |
|---|---|---|---|---|---|---|---|---|
| 3 | മുട്ടർ സെൻട്രൽ റോഡ് ചെ:3/000 മുതൽ 6/300 വരെ ഉയർത്തി പണിത് DGBM&BC ചെയ്യൽ | 3.50 | G.O.(Rt) No.215/2019/PWD Dated:13-02-2019 | 4917/2019-2020Dated: 18-11-2019 | കാവുങ്കൽ റോഡ് ബിൽഡേഴ്സ് | 138/SESC /2019-20 dated 13-03-2020 | സൈറ്റ് ഹാൻഡ് ഓവർ -23-03-2020<br>പൂർത്തീകരണ കാലാവധി - 22-03-2021<br>31-05-2021 വരെ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചു | സൈഡ് പ്രൊട്ടക്ഷൻ പൂർത്തീകരിച്ചു. മണ്ണിട്ട് ഉയർത്തൽ, ജി എസ് ബി, വെറ്റ് മിക്സ് എന്നിവ 75 ശതമാനം പൂർത്തീകരിച്ചു |

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (കോടി) | ഭരണാനുമതി | സാങ്കേതിക ാനുമതി | കരാറുകാരന്റെ പേര് | എഗ്രിമെന്റ് നം | പൂർത്തീകരണ കാലാവധി | തത്സ്ഥിതി |
|---|---|---|---|---|---|---|---|---|
| 4 | കരുവാറ്റ – കുപ്പപ്പുറം റോഡിന്റെ പടിഞ്ഞാറു ഭാഗം മുതൽ ഔട്ട് പോസ്റ്റ് പാലം വരെ | 17.10 | G.O.(Rt) No: 1880/2018 /PWD Dated:06-12-2018 | 7871/2018-2019Dated: 12-01-2019 | കാവുങ്കൽ റോഡ് ബിൽഡേഴ്സ്. | 287/SE SC/2018-19 dtd. 7/3/2019 | സൈറ്റ് ഹാൻഡ് ഓവർ -17-03-2019 പൂർത്തീകരണ കാലാവധി 16-03-2020 ആദ്യ എക്സ്റ്റൻഷൻ - 06-09-2020 രണ്ടാം എക്സ്റ്റൻഷൻ - 31-03-2021 മൂന്നാം എക്സ്റ്റൻഷൻ - 31-05-2022 വരെ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചു | 8/7/2019 ൽ പ്രഥമിക ലെവൽ റിപ്പോർട്ട് ചെയ്തു. എന്നാൽ തുടർച്ചയായ മട വീഴ്ചമൂലം ഫിൽ ചെയ്യേണ്ട ഭാഗങ്ങളിൽ വെള്ളം കെട്ടികിടന്നതിനാൽ പണികൾ തുടങ്ങാൻ ആയില്ല. ഇപ്പോൾ റോഡ്ഫോർമേഷൻ ആരംഭിച്ചു.475 മീറ്റർ ദൂരം റോഡ് ഫോർമേഷൻ ചെയ്തു.17.12.2020 ൽ കനകാശേരി പാടത്ത് വീണ്ടും മട വീണതിനാൽ പണി നിറുത്തി വെച്ചു. |
| 5 | നെടുമുടി കുപ്പപ്പുറം റോഡ് ചെ 8/435 മുതൽ 9/635 വരെ റോഡ് നിർമ്മാണം | 10.00 | G.O.(Rt) No:323/2019/PWD Dated:01-03-2019 | 1245/2019-2020 Dated:03-07-2019 | സി. പി ബാലകൃഷ്ണ പിള്ള | 80/SESC/2019-20 dtd. 22/11/2019 | സൈറ്റ് ഹാൻഡ് ഓവർ 30-11-2019 പൂർത്തീകരണ കാലാവധി 29-08-2020 31-05-2021 [illegible] | റോഡ് ഫോർമേഷൻ നടന്നു വരുമ്പോൾ OS No. 359/2020 [illegible] എന്നാൽ വർക്ക് ഇപ്പോൾ പുനരാരംഭിച്ചിട്ടു [illegible] മീറ്റർ ദൂരം റോഡ് ഫോർമേഷൻ ചെയ്തു.കനകാശ്ശേരി പാടത്ത് മട വീണതിനാൽ അവിടയുള്ള റോഡ് മുങ്ങി ഗതാഗതം തടസപ്പെട്ടിരിക്കുന്നതിനാൽ പ്രവർത്തി നിർത്തിവെച്ചിരിക്കുന്നു. |
| 6 | കൈനകരി പഞ്ചായത്തിലെ ഐലന്റ് ഭജനമഠം പട്ടാളം തുരുത്ത് റോഡ് | 7.7 | G.O.(Rt) No:323/2019/PWD Dated:01-03-2019 | 1935/2019-2020 Dated:19-[illegible]-2019 | പി.സി ചെറിയാൻ | Agmt No 22/SESC/2020-21 dtd 17-07-020 | സൈറ്റ് ഹാൻഡ് ഓവർ 24-07-2020 പൂർത്തീകരണ കാലാവധി 23-07-2022 | മെറ്റീരിയൽ സ്റ്റാക്കിംഗ് നടന്നുകൊണ്ടിരിക്കുന്നു.തെങ്ങും കുറ്റികളുടെ അളവുകൾ എടുത്തു റിപ്പോർട്ട് ചെയ്തു.ഭജനമഠം കല്ല് കെട്ട് (റെയിസിങ്)പൂർത്തീകരിച്ചു .ഐലൻഡ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | | | | | | | തുരുത്തി പ്രവർത്തി പുരോഗമിക്കുന്നു |

(ബി). <u>കിഫ്ബി 2017-18</u>

ചാവറ സി. ബ്ലോക്ക് റോഡ് പുനരുദ്ധാരണം - ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തിയായി ഡിസൈൻ ലഭിക്കുകയും DPR 72.3 കോടി രൂപയ്ക്കുള്ള F.S നായി സമർപ്പിക്കുകയും ചെയ്തു. നിലവിൽ പ്രവർത്തി കെ ആർ എഫ് ബി ക്കു കൈമാറി.

(സി) <u>കിഫ്ബി (2018 -19)</u>

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക (കോടി) | തത്സ്ഥിതി |
|---|---|---|---|
| 1 | അമ്പലപ്പുഴ - തിരുവല്ല റോഡിന്റെ ഫേസ് 2 ന്റെ സ്റ്റാൻഡൈസേഷനും ഇംപ്രൂവ്മെന്റും സ്ട്രെച്ച്- 1 ചെയിനേജ് 0/000 മുതൽ 22/560, സ്ട്രെച്ച്- 2 ചെയിനേജ് 22/560 മുതൽ 26/750, | 77.36 | പ്രവർത്തി പുരോഗമിക്കുന്നു. കുട്ടനാട് മണ്ഡലത്തിലെ ടി പ്രവൃത്തിയുടെ ഭാഗത്തിന് 30.94 കോടി രൂപ ചിലവഴിക്കുന്നുണ്ട്. |

## 4. <u>ശബരിമല പ്രവൃത്തികൾ 2019-20</u>

| ക്രമനം. | പ്രവൃത്തിയുടെ പേര് | തുക (കോടി) | ഭരണാനുമതി | എഗ്രിമെന്റ് നം. | കരാറുകാരന്റെ പേര് | പൂർത്തീകരണ കാലാവധി | തത്സ്ഥിതി |
|---|---|---|---|---|---|---|---|
| 1 | SF 2019-20ഹരിപ്പാട് വീയപുരം എടത്വ റോഡ് ചെ.0/000 മുതൽ 9/717 വരെ പുനരുദ്ധാരണം | 8.266 | G.O.(Rt) No.803/2019/PWD Dated:26/06/19 | Agmt No 104/SESC/2020-21 dtd 22-12-2020 | ബഗോറ ഇൻഫ്രാ സ്ട്രക്ചർ | സൈറ്റ് ഹാൻഡ് ഓവർ 31-12-2020<br>പൂർത്തീകരണ കാലാവധി- 28-02-2021<br>31-08-2021 വരെ കാലാവധി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചു | പ്രാഥമിക ലെവൽ എടുത്തു റിപ്പോർട്ട് ചെയ്തു |

## 5. <u>വെള്ളപ്പൊക്കക്കെടുതികൾ 2018-19</u>

ആലപ്പുഴ-ചങ്ങനാശ്ശേരി റോഡിന്റെ പുനരുദ്ധാരണത്തിനായി 671.66 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. ഇൻവെസ്റ്റിഗേഷൻപ്രവർത്തികൾ പൂർത്തീകരിച്ചു.ഹൈവേ ഡിസൈൻ യൂണിറ്റ് ഡി.പി.ആർ തയ്യാറാക്കുകയും പ്രവൃത്തി കെ.എസ്.ടി.പി മുഖേന ടെണ്ടർ ചെയതു. ULCCS- EVRASCON JV നീ കരാർ നൽകി. നിലവിൽ ഓട നിർമാണം നടന്നു വരുന്നു പ്രീകാസ്റ്റ് ഡ്രെയിൻ, ഡക്ട് എന്നിവയുടെ നിർമാണം കാസ്റ്റിംഗ് യാർഡിൽ പുരോഗമിക്കുന്നു. നിർമാണ ചുമതല കെ.എസ്.ടി.പി കൊട്ടാരക്കര ഡിവിഷന് ആണ്.

ഡൈവേർഷൻ റോഡ് മറ്റു തദ്ദേശീയമായ പ്രശ്നങ്ങൾ എന്നിവയുടെ ചുമതല ആലപ്പുഴ നിരത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയർക്കു ആണ്.

## II ഭരണാനുമതി ലഭിച്ചത്

| ക്രമനം. | പ്രവൃത്തിയുടെ പേര് | തുക (കോടി) | തത്സ്ഥിതി |
|---|---|---|---|
| 1 | എ.സി റോഡ് മങ്കൊമ്പ് കാവാലം വികാസ് മാർഗ് റോഡ് ചെ. 0/000 മുതൽ 5/000 വരെ | 6 | സാങ്കേതികാനുമതിക്കായി സമർപ്പിച്ചിരിക്കുന്നു. |

സാങ്കേതികാനുമതി ലഭിച്ചത്

| ക്രമനം. | പ്രവൃത്തിയുടെ പേര് | തുക (കോടി) | തത്സ്ഥിതി |
|---|---|---|---|
| 1 | ചാവറ ഭവൻ മുതൽ ചാലേച്ചിറ (ചാവറ മുതൽ നെടുമുടി വരെ) | 25 | ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

ടെണ്ടർ നടപടി പൂർത്തീകരിച്ചത്

ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികളുടെ നിർമ്മാണം പുരോഗമിക്കുന്നു..

795 എ) & ബി

# കുട്ടനാട് നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ സ്ഥിതി വിവരം

| ക്രമ നമ്പർ | പ്ലാൻ/ നബാർഡ്/ കിഫ്ബി | പാലത്തിന്റെ പേര് | നിർമ്മാണം ആരംഭിച്ച തീയതി | ഭരണാനുമതി | | നിലവിലെ സ്ഥിതി |
|---|---|---|---|---|---|---|
| | | | | തുക (ലക്ഷം) | മാസം /വർഷം | |
| **നിർമ്മാണ പ്രവൃത്തി ആരംഭിച്ച പാലങ്ങൾ** | | | | | | |
| 1 | കിഫ്ബി | പടഹാരം പാലം | 29/06/2020 | 5578 | ജനുവരി 2018 | 86 / 86 പൈലുകൾ, 15/ 19 പൈൽ ക്യാപ്പുകൾ, 11/19 പിയറുകൾ, 05/ 18 സ്ലാബുകൾ എന്നിവ പൂർത്തീകരിച്ചു. റീട്ടെയ്നിങ് വാൾ, അപ്രോച്ച് റോഡിന്റെ പ്രവൃത്തി എന്നിവ പുരോഗമിക്കുന്നു. |
| 2 | ബഡ്ജറ്റ് | മാമ്മൂട് പാലം | 18/09/2020 | 344 | സെപ്റ്റംബർ 2019 | 6/ 6 പൈലുകൾ, 2/ 2 പൈൽ ക്യാപ്പുകൾ, 1/1 പിയറുകൾ, 01/ 1 സ്ലാബ് എന്നിവ പൂർത്തീകരിച്ചു. അപ്രോച്ച് റോഡിന്റെ പ്രവൃത്തി പുരോഗമിക്കുന്നു. |
| 3 | ബഡ്ജറ്റ് | മുണ്ടയ്ക്കൽ പാലം (ബാലൻസ് പ്രവൃത്തി) | 06-12 2020 | 314.74 | ഒക്ടോബർ 2014 | അപ്രോച്ച് റോഡിന്റെ പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. |
| **ടെക്നിക്കൽ അനുമതി ലഭിച്ച പാലങ്ങൾ** | | | | | | |
| 4 | പ്ലാൻ | തൈച്ചേരി ത്തോട് പാലം | | 473 | സെപ്റ്റംബർ 2020 | സാങ്കേതികാനുമതി ലഭ്യമായി പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുണ്ട് 5 ബിഡ്ഡുകൾ സ്വീകരിച്ചു |
| **ഭരണാനുമതി ലഭിച്ച പാലങ്ങൾ** | | | | | | |
| 5 | ബഡ്ജറ്റ് | മുപ്പത്തിനാലിൽപടി പാലം | | 873 | സെപ്റ്റംബർ 2019 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമേറ്റെടുപ്പിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 5 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 6 | ബഡ്ജറ്റ് | കോതറത്തോട് പാലം | | 2285 | നവംബർ 2019 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമേറ്റെടുപ്പിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 7 | ബഡ്ജറ്റ് | ചാലേച്ചിറ പാലം | | 3035 | ഡിസംബർ 2019 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമേറ്റെടുപ്പിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 8 | ബഡ്ജറ്റ് | കാനാച്ചേരി പാലം | | 2478 | ഡിസംബർ 2019 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമേറ്റെടുപ്പിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |

| | | | | | | |
|---|---|---|---|---|---|---|
| 9 | ബഡ്ജറ്റ് | കൈനകരി ചർച്ച് പാലം | | 2700 | മാർച്ച് 2020 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു സ്ഥലമേറ്റെടുപ്പിനുള്ള സർക്കാർ ഉത്തരവ് ലഭ്യമായിട്ടുണ്ട്. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 10 | ബഡ്ജറ്റ് | ജീമംഗലം പാലം | | 296 | മാർച്ച് 2020 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |
| 11 | ബഡ്ജറ്റ് | GPM കന്നിട്ടപ്പറമ്പ് പാലം | | 588 | സെപ്റ്റംബർ 2020 | സ്ഥലമേറ്റെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. അതിർത്തി കല്ലുകൾ സ്ഥാപിക്കുന്നതിനുള്ള 6 (1) നോട്ടിഫിക്കേഷൻ റവന്യൂ വകുപ്പ് പുറപ്പെടുവിച്ച് സ്ഥലം ലഭ്യമായാലുടൻ പ്രവൃത്തി ടെൻഡർ ചെയ്യുന്നതാണ്. |

കിഫ്ബി

(എ) കിഫ്ബി ഫണ്ടിൽ ഉൾപ്പെടുത്തി കുട്ടനാട് മണ്ഡലത്തിൽ രണ്ട് റോഡുകളുടെയും അഞ്ച് പാലങ്ങളുടെയും നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കി വരുന്നത്.

(ബി) 1. ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിച്ചവ

(i) പടഹാരം പാലം :- 86 / 86 പൈലുകൾ, 15/ 19 പൈൽ ക്യാപ്പുകൾ 11/19 പിയറുകൾ 05/ 18 സ്ലാബുകൾ എന്നിവ പൂർത്തീകരിച്ചു. റീറ്റെയ്നിങ് വാൾ അപ്രോച്ച് വർക് എന്നിവ പുരോഗമിക്കുന്നു.

(ii) അമ്പലപ്പുഴ തിരുവല്ല റോഡ് ഫേസ് 2:- പ്രവർത്തി പുരോഗമിക്കുന്നു . നിലവിൽ 15% പ്രവർത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

2. ഭരണാനുമതി ലഭിച്ചതും സാങ്കേതികാനുമതി ലഭിക്കാത്തതുമായവ

റോഡുകൾ:

(i) മുണ്ടക്കൽ പാലം - ചാവറ ഭവൻ സി ബ്ലോക്ക് റോഡ്:- ഇൻവെസ്റ്റിഗേഷൻ പ്രവർത്തികൾ പൂർത്തിയായി. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു

പാലങ്ങൾ:

(i). മുട്ടേൽ പാലം:- 16.09.2019-ാം തീയതിയിലെ ഉത്തരവ് നമ്പർ PWD016-23/APR-3/2019/KIIFB പ്രകാരം 24.21 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കിഫ്ബി ലാൻഡ് അക്വിസിഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

(ii). പുളിങ്കുന്ന് പാലം:- 12.02.2020-ാം തീയതിയിലെ ഉത്തരവ് നമ്പർ PWD016-26/APR-2/2020/KIIFB പ്രകാരം 44.88 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് അനുമതി ലഭിച്ചിട്ടുണ്ട്. കുന്നുമ്മ വില്ലേജിലും ചമ്പക്കുളം വില്ലേജിലും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കിഫ്ബി ലാൻഡ് അക്വിസിഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

(iii). കാവാലം - തട്ടാശ്ശേരി പാലം:- 17.01.2018 -ാം തീയതിയിലെ ഉത്തരവ് നമ്പർ APR-1/35/2018/KIIFB പ്രകാരം 46.10 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിന് 4 കോടി രൂപയുടെ അനുമതിയും ലഭിച്ചിട്ടുണ്ട്. കാവാലം വില്ലേജിലും കുന്നുമ്മ വില്ലേജിലും സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കിഫ്ബി ലാൻഡ് അക്വിസിഷൻ വിഭാഗത്തിന്റെ നേതൃത്വത്തിൽ പുരോഗമിക്കുന്നു. ഏറ്റെടുക്കേണ്ട ഭൂമിയിൽ അതിരുകല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്.

(iv). പള്ളാത്തുരുത്തി ഔട്പോസ്റ്റ് ബ്രിഡ്ജ്:- 17.01.2018 -ാം തീയതിയിലെ ഉത്തരവ് നമ്പർ APR-1/30/2018/KIIFB പ്രകാരം 59.50 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽ നിന്നും ലഭിച്ചിട്ടുള്ളതാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സെക്ഷൻ ഓഫീസർ.